Office of the Chief Engineer
LSGD, Thiruvananthapuram

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി - സി.പി.ഡബ്ല്യു.ഡി. നിരക്ക് പ്രകാരം തയ്യാറാക്കിയ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകൾ ആവശ്യമെങ്കിൽ പുതുക്കാനും, കാലതാമസം ഒഴിവാക്കാൻ ടെണ്ടർ നടപടികൾ സ്വീകരിക്കാനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധ) നം. 2448/2014/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 20-09-2014.

---

പരാമർശം: 03-09-2014-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെ 2.8-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നിവ ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും പുതുക്കിയ കോസ്റ്റ് ഇൻഡക്സ് നിലവിൽവന്നതിനാൽ 2013 സി.പി.ഡബ്ല്യു.ഡി. നിരക്ക് പ്രകാരം തയ്യാറാക്കിയ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകൾ ആവശ്യമെങ്കിൽ പുതുക്കാനും, കാലതാമസം ഒഴിവാക്കാൻ ടെണ്ടർ നടപടികൾ സ്വീകരിക്കാനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അനുവദിച്ചും, അധികമായി വരുന്ന തുക സ്വന്തം നിലയ്ക്ക് കണ്ടെത്തുകയോ, അല്ലെങ്കിൽ പദ്ധതയിൽ കുറവ് വരുത്തി ചെയ്യാൻ അനുമതി നൽകിയും, പുതുക്കിയ എസ്റ്റിമേറ്റുകളുടെയും ബന്ധപ്പെട്ട പ്രൊജക്ടുകളുടെയും വെറ്റിംഗ്, ഐ.കെ.എം വെബ്സൈറ്റ് അപ്ലോഡിംഗ്, ഡി.പി.സി. അംഗീകാരം, സാങ്കേതികാനുമതി ലഭ്യമാക്കൽ എന്നിവ പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് ചെയ്യുന്നതിന് അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. വേണുഗോപാലൻ നായർ,**
ഡെപ്യൂട്ടി സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
5. എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർമാർ മുഖേന)

6. തദ്ദേശ സ്വയം ഭരണ (ഡി.എ.) വകുപ്പ്
7. ശ്രീ. ജമാൽ മണക്കാടൻ, കേരള ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തുപുരം - 695 010.
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്